# വിശാല കൊച്ചി വികസന അതോറിറ്റി

പി.ബി. നമ്പർ 2012 ഫോൺ : 0484-2205061, 2204261 ഫാക്സ് 91 484 2206230 കൊച്ചി-682020
Web: www.gcda.kerala.gov.in; E-mail : gcdaonline@gmail.com


നം. 9182/എസ്റ്റേറ്റ്/ബി-3/2017/ജിസിഡിഎ തീയതി, 05.12.2017

## ടെണ്ടർ/ലേലം നോട്ടീസ്

വിശാലകൊച്ചി വികസന അതോറിറ്റി വക മറൈൻഡ്രൈവിലെ വാണിജ്യ സമുച്ചയത്തിന് മുൻവശം, പയനിയർ ടവറിന് മുൻവശം, ചേംബർ ഓഫ് കൊമേഴ്സിനു മുൻവശം, എന്നീ ഏരിയകളിൽ നിന്നും 01.01.2018 മുതൽ 31.12.2018 വരെ പാർക്കിംഗ് ഫീസ് പിരിക്കുന്നതിനുള്ള അവകാശം ടെണ്ടർ/ലേലം മുഖേന നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു. ടെണ്ടർ ഫോറം നൽകുന്ന അവസാന തീയതി 13.12.2017 ഉച്ചയ്ക്ക് 12 മണി വരെ.

നിരതദ്രവ്യ തുക, 50,000/- രൂപയുടെ "Secretary GCDA Kochi" എന്ന പേരിൽ ഡിഡിയായി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഓരോ പാർക്കിംഗ് ഏരിയക്കും പ്രത്യേകം പ്രത്യേകം ഡിഡി സമർപ്പിക്കേണ്ടതാണ്.

താൽപ്പര്യമുള്ളവർ നിശ്ചിത നിരതദ്രവ്യത്തോടൊപ്പം നിർദ്ദിഷ്ട അപേക്ഷാ ഫോറത്തിൽ ടി സ്ഥലത്തിന് വാഗ്ദാനം ചെയ്യുന്ന വാടക രേഖപ്പെടുത്തിയ ടെണ്ടർ മുദ്ര വെച്ച കവറുകളിൽ 13.12.2017 ഉച്ച കഴിഞ്ഞ് 1.00 മണി വരെ ജിസിഡിഎ ഓഫീസിൽ ടെണ്ടർ ബോക്സിൽ നിക്ഷേപിക്കേണ്ടതാണ്.

അന്നേ ദിവസം പകൽ 3.00 മണിയ്ക്ക് ജിസിഡിഎ ഓഫീസിൽ വെച്ച് പരസ്യ ലേലം ഉണ്ടായിരിക്കുന്നതാണ്. ലേലം കഴിഞ്ഞാലുടൻ ടെണ്ടറുകൾ തുറക്കുന്നതുമാണ്.

ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങളും, അപേക്ഷാഫോറങ്ങളും ഓഫീസിൽ നിന്നും 13.12.2017 തീയതി ഉച്ചയ്ക്ക് 12 മണി വരെ ലഭ്യമാകുന്നതാണ്. ടെണ്ടർ/ലേലം യാതൊരു കാരണവും കാണിക്കാതെ മാറ്റി വയ്ക്കുന്നതിനോ, നിരസിക്കുന്നതിനോ സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. ടെണ്ടർ/ലേല ദിവസം അവധിയാണെങ്കിൽ ടെണ്ടർ/ലേലം തൊട്ടടുത്ത പ്രവൃത്തി ദിനത്തിൽ നടത്തുന്നതാണ്.

സെക്രട്ടറി

നോട്ടീസ് ബോർഡ്
അതോറിറ്റി വക പ്രധാന വാണിജ്യ സമുച്ചയങ്ങൾ

asn 7.12.17

**വിശാല കൊച്ചി വികസന അതോറിറ്റി വക കൊച്ചി മറൈൻഡ്രൈവ് വാണിജ്യസമുച്ചയത്തിന് മുൻവശം/പയനീർ ടവറിനു മുൻവശം/ചേംബർ ഓഫ് കോമേഴ്സിനു മുൻവശം എന്നീ പാർക്കിംഗ് ഏരിയാകളിൽ നിന്നും 01.01.2018 മുതൽ 31.12.2018 വരെ പാർക്കിംഗ് ഫീസ് പിരിക്കുന്നതു സംബന്ധിച്ച വ്യവസ്ഥകൾ.**

-------

1. മറൈൻ ഡ്രൈവ് വാണിജ്യ സമുച്ചയത്തിനു മുൻവശം - 12 ലക്ഷം, പയനിയർ ടവറിനു മുൻവശം - 4.5 ലക്ഷം, ചേംബർ ഓഫ് കോമേഴ്സിനു മുൻവശം - 50000/- രൂപ എന്നിങ്ങനെയാണ് അടിസ്ഥാന വാടകയായി നിശ്ചയിച്ചിരിക്കുന്നത്. ടെണ്ടർ ഫോറം അടക്കം ചെയ്ത കവറിന് മുൻവശം മുകളിൽ ഏത് പാർക്കിംഗ് ഏരിയായിൽ നിന്നും ഫീസ് പരിക്കുന്നതിനുള്ള ടെണ്ടറാണെന്ന് പ്രത്യേകം കാണിച്ചിരിക്കേണ്ടതാണ്. അല്ലാത്തവ നിരസിക്കുന്നതാണ്.
2. മേൽ പാർക്കിംഗ് ഏരിയായിൽ നിന്നും താഴെ പറയുന്ന നിരക്കിൽ ഫീസ് ഈടാക്കാവുന്നതാണ്.

| | | | |
|---|---|---|---|
| എ) | ഇരുചക്ര വാഹനങ്ങൾക്ക് | – | Rs. 10/ upto 2 hrs.<br>Rs. 5/ each extra hrs |
| ബി) | ത്രീവീലർ, കാർ മുതലായ ചെറിയ വാഹനങ്ങൾക്ക് | – | Rs. 40/ upto 2 hrs<br>Rs. 20/ each extra hrs |
| സി) | ടെമ്പോ, ബസ്, ലോറി മുതലായ വാഹനങ്ങൾക്ക് | – | Rs. 75/ upto one hour<br>Rs. 50/ each extra hrs<br>Rs. 500/ upto 12 hrs<br>Rs. 750/day |

3. ഫീസ് പിരിക്കുന്നതിനുള്ള അവകാശം ടെണ്ടർ/ലേലം വഴി നൽകുന്നതാണ്.
4. ടെണ്ടറിൽ/ലേലത്തിൽ പങ്കെടുക്കുന്നവർ നിശ്ചിത ഫോറം നികുതി ഉൾപ്പെടെ 590/- രൂപ ഒടുക്കി ജിസിഡിഎ ആഫീസിൽ നിന്നും വാങ്ങി ആവശ്യമായ വിവരങ്ങൾ ചേർത്ത് ടെണ്ടർ/ലേല നിബന്ധനകൾ ഒപ്പിട്ട് നിശ്ചിത സമയപരിധിക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്.
5. ടെണ്ടർ/ലേലത്തിൽ പങ്കെടുക്കുന്നവർ ഓരോ പാർക്കിംഗ് ഏരിയായ്ക്കും നിരതദ്രവ്യമായി 50,000/- രൂപ കെട്ടിവയ്ക്കേണ്ടതാണ്.
6. ടെണ്ടർ പങ്കെടുക്കുന്നവർ ഓരോ ടെണ്ടറിനും നിരതദ്രവ്യമായി ജിസിഡിഎ സെക്രട്ടറിയുടെ പേരിൽ എറണാകുളത്ത് മാറാവുന്ന മേൽപറഞ്ഞ നിരക്കിലുള്ള രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് ടെണ്ടർ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
7. ലേലത്തിൽ പങ്കെടുക്കുന്നവർ പാർക്കിംഗ് ഏരിയയുടെ നിരതദ്രവ്യമായി നിബന്ധനയിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരമുള്ള തുക ഡിമാന്റ് ഡ്രാഫ്റ്റായോ/ പണമായോ ലേലം നിശ്ചയിച്ചിരിക്കുന്ന സമയത്തിന് മുമ്പ് ജിസിഡിഎ ഓഫീസിൽ ഹാജരാക്കി ലേലം നടത്തുന്ന ഉദ്യോഗസ്ഥനിൽ നിന്നും ടോക്കൺ കൈപ്പറ്റേണ്ടതാണ്.
8. ടെണ്ടർ സമർപ്പിച്ചിട്ടുള്ളവർക്ക് ലേലത്തിലും പങ്കെടുക്കാവുന്നതാണ്. ലേലത്തിൽ പങ്കെടുക്കുന്നതിന് ടെണ്ടറിനോടൊപ്പം സമർപ്പിച്ച ഡി.ഡി.യുടെ ഫോട്ടോകോപ്പി കയ്യിൽ സൂക്ഷിക്കേണ്ടതും ലേലസമയത്തിന് മുമ്പ് ആയത് ആഫീസിൽ ഹാജരാക്കേണ്ടതുമാണ്.
9. ആദ്യം ലേലം നടത്തുന്നതും ആയതിനുശേഷം ടെണ്ടർ തുറക്കുന്നതുമാണ്. ലേലത്തിലോ/ ടെണ്ടറിലോ ഏതിലാണോ കൂടുതൽ തുക കാണുന്നത് ആയത് ന്യായമാണെന്നു കാണുന്നപക്ഷം താൽക്കാലികമായി ഉറപ്പിക്കുന്നതാണ്.

19. പാർക്കിംഗ് ഫീസ് പിരിക്കുന്നതിന് അനുവാദം നൽകിയിരിക്കുന്ന സ്ഥലങ്ങളിൽ ഏതു സ്ഥലവും ജിസിഡിഎ–യ്ക്ക് കരാർ കാലാവധിയിൽ ഏപ്പോൾ വേണമെങ്കിലും വികസന പ്രവർത്തനങ്ങൾക്കോ മറ്റ് ഏതെങ്കിലും കാര്യങ്ങൾക്കോ ആവശ്യമെന്ന് കാണുന്നപക്ഷം ഉപയോഗപ്പെടുത്തുന്നതിന് അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതാണ്. ആയത് സംബന്ധിച്ച് നൽകുന്ന നോട്ടീസിൽ പറഞ്ഞിരിക്കുന്ന സമയ പരിധിക്കുള്ളിൽ യാതൊരു എതിർപ്പും ഉന്നയിക്കാതെ പ്രസ്തുത സ്ഥലം ജിസിഡിഎ–യെ തിരികെ ഏൽപ്പിക്കേണ്ടതാണ്. അപ്രകാരം ഏറ്റെടുക്കുന്ന പക്ഷം കരാർ കാലാവധി തീരുന്നതിന് ബാക്കിയുള്ള ദിവസം കണക്കാക്കി ലേലം/ടെണ്ടർ തുകയ്ക്ക് ആനുപാതികമായ തുക തിരികെ നൽകുന്നതാണ്. ആയതു സംബന്ധിച്ച് യാതൊരു നഷ്ടപരിഹാരം ലഭിക്കുന്നതിനും കുത്തകക്കാരന് അവകാശമുണ്ടായിരിക്കുന്നതല്ല.
20. നിരതദ്രവ്യമായി അടച്ച തുക കരാർ കാലാവധിക്കുശേഷം ബാദ്ധ്യതകൾ ഒന്നും ഇല്ലായെന്നു കാണുന്നപക്ഷം മാത്രം പലിശ ഇല്ലാതെ തിരികെ നൽകുന്നതാണ്.
21. ടെണ്ടർ/ലേലത്തിൽ ക്വോട്ടു ചെയ്ത തുകയ്ക്ക് പുറമെ കാലാകാലങ്ങളിൽ നിലവിലുള്ള ടാക്സും, സർവ്വീസ് ടാക്സും മറ്റും അടയ്ക്കുന്നതിന് പാർക്കിംഗ് ഫീസ് കരാർ ലഭിക്കുന്ന ആൾ ബാദ്ധ്യസ്ഥനായിരിക്കും. നിശ്ചിത നിരക്കിലുള്ള ടാക്സും മറ്റും ഓരോ പ്രാവശ്യവും അടയ്ക്കുന്ന തുകയ്ക്ക് അനുസൃതമായി ഓഫീസിൽ അടയ്ക്കേണ്ടതാണ്.
22. ടെണ്ടർ/ലേലം യാതൊരു കാരണവും പറയാതെ നിർത്തി വയ്ക്കുന്നതിനോ മാറ്റി വയ്ക്കുന്നതിനോ ജിസിഡിഎ സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.
23. ടെണ്ടർ/ലേല വ്യവസ്ഥകൾ കരാർ കാലാവധിയിൽ എപ്പോൾ വേണമെങ്കിലും മാറ്റുന്നതിനും പുതിയ വ്യവസ്ഥകൾ ചേർക്കുന്നതിനും അതോറിറ്റിയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.
24. ടെണ്ടർ/ലേലത്തിൽ രണ്ടാമത്തെ ഉയർന്ന തുക വാഗ്ദാനം ചെയ്യുന്ന കക്ഷിയുടെ നിരതദ്രവ്യതുക ഒന്നാം കക്ഷി 50% തുക അടയ്ക്കുന്ന മുറയ്ക്ക് മാത്രം പലിശയില്ലാതെ തിരികെ നൽകുന്നതാണ്.
25. അതോറിറ്റി വക വാണിജ്യ സമുച്ചയങ്ങളിൽ പാർക്കു ചെയ്യുന്ന ട്രാൻസ്ജെൻഡേഴ്സിന്റെയും, ഭിന്നശേഷിയുള്ളവരുടെയും വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് ഫീസ് ഈടാക്കാൻ പാടുള്ളതല്ല.

(ഒപ്പ്)
സെക്രട്ടറി
വിശാലകൊച്ചി വികസന അതോറിറ്റി

മേൽ വിവരിച്ച വ്യവസ്ഥകൾ അംഗീകരിച്ചുകൊള്ളുന്നു.

സ്ഥലം :

തീയതി:

അപേക്ഷകന്റെ പേരും ഒപ്പും

10. ലേലം/ടെണ്ടർ ഉറപ്പിച്ചതായ അറിയിപ്പ് ലഭിച്ച് പത്ത് ദിവസത്തിനുള്ളിൽ ലേലം/ടെണ്ടർ തുകയുടെ 50% തുക ഓഫീസിൽ അടയ്ക്കേണ്ടതും ഫീസ് പിരിവ് സംബന്ധിച്ച് ജിസിഡിഎ-യിൽ നിന്നും അംഗീകരിച്ചു നൽകിയ നിബന്ധനകൾ ഉൾക്കൊള്ളിച്ച് 14 ദിവസത്തിനുള്ളിൽ എഗ്രിമെന്റ് വയ്ക്കേണ്ടതുമാണ്. അല്ലാത്തപക്ഷം അലോട്ട്മെന്റ് യാതൊരറിപ്പും കൂടാതെ റദ്ദ് ചെയ്യുന്നതും തുടർ നടപടികൾ സ്വീകരിക്കുന്നതും ആണ്.
11. നിശ്ചിത തീയതിക്കകം 50% തുക അടയ്ക്കുന്നതിന് വീഴ്ച വരുത്തുന്നപക്ഷം നിരതദ്രവ്യം ജിസിഡിഎ ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതും ലേലം/ടെണ്ടറിൽ പങ്കെടുത്ത വ്യക്തിയുടെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം/ടെണ്ടർ ചെയ്യുന്നതിനോ മറ്റ് യുക്തമായ രീതിയിൽ ഫീസ് പിരിക്കുന്നതിന് ഏർപ്പാടാക്കുന്നതിനോ ജിസിഡിഎ സെക്രട്ടറിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.
12. ലേലം/ടെണ്ടർ സംഖ്യയുടെ 50% തുക അടച്ചതിനുശേഷമുള്ള തുക അഞ്ച് തുല്യ മാസ ഗഡുക്കളായി ഓരോ മാസവും 10-ാം തീയതിക്ക് മുമ്പായി ജിസിഡിഎ ആഫീസിൽ അടച്ച് രസീത് വാങ്ങേണ്ടതാണ്. ആദ്യത്തെ ഗഡു 2018 ഫെബ്രുവരി മാസം 10-ാം തീയതിക്കകം അടയ്ക്കേണ്ടതും തുടർന്നുള്ള ഓരോ ഗഡുവും തുടർന്നു വരുന്ന ഓരോ മാസവും 10-ാം തീയതിക്ക് മുമ്പായി അടയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം അലോട്ട്മെന്റ് റദ്ദാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.
13. ഏതെങ്കിലും ഗഡു നിശ്ചിത തീയതിക്കകം അടയ്ക്കുവാൻ വീഴ്ച വരുത്തുന്നപക്ഷം നോട്ടീസ് കൂടാതെ തന്നെ ഫീസ് പിരിവിനുള്ള അവകാശം റദ്ദ് ചെയ്യുന്നതും കുത്തകക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ഫീസ് പിരിക്കുന്നതിന് യുക്തമായ നടപടി സ്വീകരിക്കുന്നതിന് ജിസിഡിഎ സെക്രട്ടറിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.
14. പാർക്കിംഗ് ഫീസ് പിരിക്കുന്നതിന് അനുവദിച്ചിട്ടുള്ള സ്ഥലങ്ങളിൽ കുത്തകക്കാരന്റെ ചെലവിൽ പാർക്കിംഗ് ഫീസിന്റെ നിരക്ക് കാണിച്ചിരിക്കുന്ന ബോർഡ് ജിസിഡിഎ അധികാരികളുടെ അംഗീകാരത്തോടെ സ്ഥാപിച്ച് കരാർ കാലാവധി വരെ സംരക്ഷിക്കേണ്ടതാണ്. ആയത് പാലിക്കപ്പെടാതെ വരികയാണെങ്കിൽ അതോറിറ്റി ചെലവിൽ ബോർഡ് വയ്ക്കുന്നതും പ്രസ്തുത ചെലവ് കരാറുകാരനിൽ നിന്നും ഈടാക്കുന്നതുമാണ്. പാർക്കിംഗ് ഫീസ് സംബന്ധിച്ച പരാതികൾ ജിസിഡിഎ സെക്രട്ടറിയെ അറിയിക്കാവുന്നതാണ് എന്ന് രേഖപ്പെടുത്തി ബന്ധപ്പെട്ട ഫോൺനമ്പറുകൾ ബോർഡിൽ രേഖപ്പെടുത്തേണ്ടതാണ്.
15. ഫീസ് ഈടാക്കി പാർക്ക് ചെയ്യുന്ന വാഹനങ്ങൾക്ക് കുത്തകക്കാരന്റെ ചെലവിൽ ജിസിഡിഎ-യുടെ അംഗീകാരത്തോടെയുള്ള രസീത് അച്ചടിച്ച് നൽകേണ്ടതാണ്. പാർക്കിംഗ് സ്ഥലത്ത് ഫീസ് വാങ്ങി പാർക്ക് ചെയ്യുന്ന വാഹനങ്ങളെ സംബന്ധിച്ച എല്ലാ ഉത്തരവാദിത്വങ്ങളും ബാദ്ധ്യതയും കരാറുകാരന് മാത്രമായിരിക്കുന്നതാണ്. വാഹനങ്ങളുടെ സൂക്ഷിപ്പിനോ, കേടുപാടിനോ, നഷ്ടത്തിനോ ജിസിഡിഎ-യ്ക്ക് യാതൊരു ഉത്തരവാദിത്വമോ ബാദ്ധ്യതയോ ഉണ്ടായിരിക്കുന്നതല്ല.
16. പാർക്കിംഗ് ഏരിയായിൽ പാർക്ക് ചെയ്യുന്ന വാഹനങ്ങളിൽ യാതൊരു തരത്തിലുമുള്ള കച്ചവടം, റിപ്പയറിംഗ് തുടങ്ങിയവ നടക്കുന്നില്ലായെന്ന് ഫീസ് പിരിവ് കുത്തകയ്ക്കെടുത്തിട്ടുള്ള വ്യക്തി ഉറപ്പാക്കേണ്ടതാണ്. മറിച്ച് എന്തെങ്കിലും സംഭവിക്കുകയാണെങ്കിൽ ടെണ്ടർ റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ അതോറിറ്റി സ്വീകരിക്കുന്നതാണ്. പാർക്കിംഗ് ഏരിയായിൽ നിന്നും ചപ്പുചവറുകളും മറ്റു മാലിന്യങ്ങളും നീക്കം ചെയ്യേണ്ടതും പാർക്കിംഗ് ഏരിയ വൃത്തിയായി സൂക്ഷിക്കേണ്ടതും കരാറുകാരന്റെ ഉത്തരവാദിത്വമായിരിക്കും.
17. പാർക്കിംഗ് ഫീസ് പിരിക്കുന്നതിന് മറ്റാരെയെങ്കിലും ചുമതലപ്പെടുത്തുന്നുണ്ടെങ്കിൽ അവരുടെ പേര് വിവരം ജിസിഡിഎ ആഫീസിൽ രേഖാമൂലം അറിയിക്കേണ്ടതാണ്. ജിസിഡിഎ-യിൽ നിന്നും ടിയാൻമാർക്ക് നൽകുന്ന നോട്ടീസ് കരാറുകാരന് നൽകുന്നതിന് തുല്യമായിരിക്കുന്നതാണ്.
18. പാർക്കിംഗ് ഫീസ് പിരിക്കുന്നതിന് അനുവാദം നൽകിയിരിക്കുന്ന സ്ഥലങ്ങൾ ജിസിഡിഎ-യിൽ നിന്നും ടി സ്ഥലങ്ങൾ മറ്റ് പരിപാടികൾക്ക് അനുവദിച്ചിട്ടില്ലാത്ത സമയത്തേക്ക് മാത്രമായിരിക്കും കരാറുകാരന് പാർക്കിംഗ് ഫീസ് പിരിക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതാണ്.

## GREATER COCHIN DEVELOPMENT AUTHORITY

P.B.No.2012 Phone : 2205061 FAX 91 484 206230 : e-mail – gcdaonline@gmail.co.in


No.9182/Estate/B3/2017/GCDA Dated, 05/12/2017

# Tender/Auction Notice

Sealed competitive tenders are invited in the prescribed form for leasing out the parking areas in front of Cochin Marine Drive Shopping Complex, Pioneer Tower and Chamber of Commerce owned by Greater Cochin Development Authority.

Tender forms can be had from the office of GCDA on payment of Rs. 500/- + GST upto 12.00 o'clock on 13.12.2017. Last date and time of submission of application form 1.00 p.m. on 13.12.17.

EMD is Rs. 50,000/- for each parking area. EMD of DD shall be drawn in favour of the Secretary GCDA payable at Kochi.

There shall be a public auction on the same day at 3.00 p.m. in GCDA conference Hall. Then the tenders will be opened in the presence of successful bidders after the auction.

Further, details and application form can be had from the office of the undersigned during the working hours.

Sd/-
SECRETARY

Superintendent

R

7.12.17